

**Chicago Knanaya Catholic Parish Bulletin**
Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Knanaya Catholic Church, 7800 W. Lyons St., Morton Grove, IL 60053
August 8, 2010, Vol. 5, Issue 46
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

# തിരുന്നാൾ ആശംസകൾ!

## നമ്മുടെ സെന്റ് മേരീസ് പള്ളിയിലെ
## പ്രഥമ പ്രധാന തിരുന്നാൾ



ആഗസ്റ്റ് 6, 7, 8 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ

ആഗസ്റ്റ് 6, വെള്ളി വൈകുന്നേരം 6:30 മുതൽ

പതാക ഉയർത്തൽ, തിരുസ്വരൂപം വെഞ്ചരിക്കൽ: **ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയാത്ത്**

ലദീഞ്ഞ്: **ബിഷപ്പ് മാർ ജോർജ് പള്ളിപ്പറമ്പിൽ**

പാട്ടുകുർബാന, പ്രസംഗം: **ആർച്ചുബിഷപ്പ് മാർ മാത്യു മൂലക്കാട്ട്**

**ഷിക്കാഗോ സേക്രഡ് ഹാർട്ട്, സെന്റ് മേരീസ് ക്നാനായ കാത്തലിക് ഇടവകകളുടെ കൂടാരയോഗങ്ങൾ അവതരിപ്പിക്കുന്ന** **കലാസന്ധ്യ**

ആഗസ്റ്റ് 7, ശനി വൈകുന്നേരം 6:30 മുതൽ

ലദീഞ്ഞ്, പാട്ടുകുർബ്ബാന, പ്രസംഗം: **ബിഷപ്പ് മാർ ജോർജ് പള്ളിപ്പറമ്പിൽ**

പ്രസുദേന്തി വാഴ്ച, നൊവേന, കപ്ലോൻ വാഴ്ച.

ഇടവകയിലെ ചിൽഡ്രൻ, ടീൻസ്, യൂത്ത് മിനിസ്ട്രികൾ അവതരിപ്പിക്കുന്ന **യൂത്ത് ഫെസ്റ്റിവെൽ**

ഉൽഘാടനം: ആഗ്രാ ആർച്ച ബിഷപ്പ് ആൽബർട്ട് ഡിസൂസാ. (Secretary General of CBCI).

ആഗസ്റ്റ് 8, ഞായർ രാവിലെ 10:00 മുതൽ

ലദീഞ്ഞ് , തിരുന്നാൾ കുർബ്ബാന: **ബിഷപ്പ് മാർ ജോർജ് പള്ളിപ്പറമ്പിൽ,** പ്രസംഗം: **ഫാ. സൈമൺ ഇടത്തിപ്പറമ്പിൽ**

**ആഘോഷമായ തിരുന്നാൾ പ്രദക്ഷിണം,** വാദ്യ മേളങ്ങൾ, അടിമ വയ്ക്കൽ, ലേലം.









### THE FIRST MAIN FEAST OF OUR ST. MARY'S CHURCH IN MORTON GROVE

August 6th Friday at 6:30 P.M. Liturgy by Archbishop Mar Mathew Moolakkatt, Bishops Mar Jacob Angadiath and Mar George Pallipparambil followed by Entertainments of Kooodara yogams.

August 7th Saturday at 6:30 P.M. Traditional liturgy by Bishop George Pallipparambil followed by Entertainments by Children, Teens, and Youth Ministries. Inauguration by His Grace Albert D'Sousa, Archbishop of Agra, India.

August 8th Sunday at 10:00 A.M. Holy Mass by Bishop Mar George Pallipparambil and message by Fr. Simon Edathiparambil followed by Colorful Procession around the church.

Feast Sponsors: 1 SAJU KANNAMPALLY 2 SAJI POOTHRUKKAYIL 3 SUNIL VETTATHUKANDATHIL 4 JOSE AIKKARAPARAMBIL 5 ANIL MATTATHIKUNNEL 6 MANEESH KAIMOOLAYIL 7 MATHEWKUTTY POOZHIKUNNEL 8 SINI NEDUMTHURUTHIL 9 JOHN PATTAPATHIYIL 10 JAYA KULANGARA 11 DELLA NEDIYAKALAYIL 12 SALY KIZHAKKEKKUTTU.

## PASTOR / VICAR

**Fr. Abraham Mutholathu Jacob**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M. at Maywood and Morton Grove and 5:30 P.M. at Morton Grove.**
**MONDAY - FRIDAY 7:00 P.M. Morton Grove.**
**FRIDAY 7:00 P.M. at Maywood.**
**SATURDAY 10:00 A.M. at Maywood and Morton Grove.**

## SYRO-MALANKARA MASS

**Third Saturdays of the month at 10:00 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M. at Maywood and 11:30 A.M. at Morton Grove from September 12th.**

## SACRAMENT OF RECONCILIATION (CONFESSION)

**First and Third Sundays during Mass at Maywood.**
**Second and Fourth Sundays during Mass at Morton Grove.**

## ADORATION

**ALL: First Fridays after Mass at Maywood**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass at both churches.**
**St. Jude on Thursdays at 7:00 P.M. at Morton Grove.**
**St. Michael 3rd Fridays of the month after 7:00 P.M. Mass at Maywood.**

## PRAYER GROUP

**Sundays after 10:00 A.M. Mass at Maywood.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass at Maywood.**

## LEGION OF MARY

**1st and Third Saturdays after 10:00 A.M. Mass at Maywood.**




August 2010

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

### FRIDAY, AUGUST 6, 2010

FIRST SOLEMN FEAST OF OUR BLESSED MOTHER AT MORTON GROVE STARTS TODAY AT 6:30 P.M.
Flag Hoisting, Blessing of statue, Ladinge, Holy Mass by Mar Jacob Angadiath, Mar Mathew Moolakkatt, and Mar George Pallipparambil.
Entertainments (Kala Sandhya) in the hall by Koodara Yogams of Sacred Heart and St. Mary's parishes.
Release of St. Mary's Church Consecration Souvenir.
No Mass today at Maywood.

### SATURDAY, AUGUST 7, 2010

Holy Mass and novena at Maywood at 10:00 A.M.
No morning mass today at Morton Grove.
2ND DAY OF MAIN FEAST AT MORTON GROVE.
Ladinge, Holy Mass, and novena at 6:30 P.M.
Main Celebrant: Bishop Mar George Pallipparambil.
Prasudenti Vazhcha, Kaplon Vazcha.
Entertainments by Children, Teens, and Youth Ministries.
Inauguration of Youth Festival by His Grace Albert D'Souza, Archbishop of Agra, India.

### SUNDAY, AUGUST 8, 2010

Holy Mass at Maywood at 10:00 A.M.
3RD DAY OF MAIN FEAST AT MORTON GROVE.
Ladinge and Holy Mass at 10:00 A.M. by Bishop George Pallipparambil.
Homily by Fr. Simon Edathiparambil
Solemn Procession around the church after Holy Mass.
St. Mary's Women Ministry Raffle Draw in the parish hall.
No 5:30 P.M. mass today at Morton Grove.

### MONDAY, AUGUST 9, 2010

**Memorial Mass for all deceased members of the community** at Morton Grove at 7:00 P.M.

### TUESDAY, AUGUST 10, 2010

Holy Mass at Morton Grove at 7:00 P.M.

### WEDNESDAY, AUGUST 11, 2010

Holy Mass at Morton Grove at 7:00 P.M.

### THURSDAY, AUGUST 12, 2010

Holy Mass and novena at Morton Grove at 7:00 P.M.

### FRIDAY, AUGUST 13, 2010

Holy Mass at Maywood at 7:00 P.M.
Holy Mass at Morton Grove at 7:00 P.M.

### SATURDAY, AUGUST 14, 2010

Holy Mass and novena at Maywood at 10:00 A.M
Holy Mass and novena at Morton Grove at 10:00 A.M

### SUNDAY, AUGUST 15, 2010

Feast of Assumption of B.V. Mary
Holy Mass at Maywood at 10:00 A.M.
Holy Mass at Morton Grove at 10:00 A.M.
Holy Mass at Morton Grove at 5:30 P.M.

### MONDAY, AUGUST 16, 2010

Holy Mass at Morton Grove at 7:00 P.M.

### TUESDAY, AUGUST 17, 2010

Holy Mass at Morton Grove at 7:00 P.M.

### WEDNESDAY, AUGUST 18, 2010

Holy Mass at Morton Grove at 7:00 P.M.

### THURSDAY, AUGUST 19, 2010

Holy Mass and novena at Morton Grove at 7:00 P.M.



# വികാരിയുടെ സന്ദേശം

## സഭാ സാമുദായിക സൗഹാർദ്ദം ത്വരിതപ്പെടുത്തിയ കൺവെൻഷൻ

എന്റെ പ്രിയ സഹോദരങ്ങളേ,

മെത്രാന്മാരുടെയും വൈദികരുടെയും സഹകരണത്തോടെ ക്നാനായ സംഘടനകളും, സംഘടനകളുടെ സഹകരണത്തോടെ ക്നാനായ മിഷനുകളും സ്ഥാപിതമായെങ്കിലും ആ സൗഹാർദ്ദം വേണ്ടത്ര പ്രതിഫലിപ്പിക്കുവാൻ പ്രതികൂല അന്തരീക്ഷം മൂലം 2001ന് ശേഷമുണ്ടായ മുൻകാല കെ.സി.സി.എൻ.ഏ. കൺവെൻഷനുകളിൽ നമുക്ക് കഴിഞ്ഞിരുന്നില്ല. എന്നാൽ സഭാപരമായ നമ്മുടെ പരിമിതികളേക്കാൾ സഭാസംവിധാനത്തിലൂടെ ലഭ്യമാകാവുന്ന സാദ്ധ്യതകൾക്ക് ഊന്നൽ നല്കിയ ഇപ്പോഴത്തെ സംഘടനാ നേതൃത്വം ക്നാനായ മിഷനുകളും പള്ളികളും സ്ഥാപിക്കുന്നതിന് അനുകൂല അന്തരീക്ഷം സൃഷ്ടിച്ചുവഴി മിഷനുകൾ കൂടുതൽ സ്ഥാപിക്കുവാനും പള്ളികൾ വാങ്ങി ഇടവകകളായി വളരുവാനും കഴിഞ്ഞു. ഇപ്രാവശ്യത്തെ കൺവൻഷന് മുമ്പും പിൻപുമായി ആറ് പള്ളികൾ കൂദാശചെയ്യുവാനും ഹ്യൂസ്റ്റണിലെ പള്ളിയ്ക്ക് ശിലാസ്ഥാപനം നിർവ്വഹിക്കുവാനും കഴിഞ്ഞത് ആഗോള തലത്തിൽ ക്നാനായക്കാരെയും അല്ലാത്തവരെയും വിസ്മയിപ്പിക്കുന്ന യാഥാർത്ഥ്യമായി. സമുദായത്തിലുണ്ടായ ഈ അജപാലന വളർച്ചയുടെയും സഭാസാമുദായിക സൗഹാർദ്ദത്തിന്റെയും അനുകൂല തരംഗം പ്രതിഫലിപ്പിക്കുന്നതായിരുന്നു ഇപ്രാവശ്യം ഡാളസിൽ നടന്ന ഒൻപതാമതു കെ.സി.സി.എൻ.ഏ. കൺവെൻഷൻ.

കെ.സി.സി.എൻ.ഏ. നാഷണൽ കൗൺസിലിലേയ്ക്ക് പുത്തൻ തലമുറ കടന്നുവരുന്നതിനനുസരിച്ച് കൂടുതൽ പക്വതയും ഉന്നത നിലവാരവും വിശ്വാസാധിഷ്ഠിത ജീവിതത്തിനു പ്രാധാന്യവും സംഘടനാ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. ഇപ്രാവശ്യത്തെ കൺവെൻഷനിൽ വിശുദ്ധ ബലിയർപ്പണത്തിനും ധ്യാന പ്രസംഗങ്ങൾക്കും കൊടുത്ത പ്രാധാന്യവും, സഭാപിതാക്കന്മാരോടും വൈദികരോടും സന്യസ്തരോടും കാണിച്ച ആദരവും പ്രശംസനീയമാണ്. വൈദിക വർഷം പ്രമാണിച്ച് വൈദികരെ ആദരിച്ചതും ഈ കൺവെൻഷനിലെ സഭാ സൗഹൃദത്തിന്റെ തിളക്കം വർദ്ധിപ്പിച്ചു. പ്രധാന സ്റ്റേജിൽ അനുദിന ദിവ്യബലി, നിത്യാരാധന ചാപ്പൽ എന്നിവയും ഭൗതികതയിൽനിന്ന് ആത്മീയതയിലേയ്ക്കുള്ള പുരോഗതിയെ പ്രകടമാക്കി.

ഓരോ പ്രാവശ്യത്തെയും കൺവെൻഷൻ മുൻ വർഷങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടുവരുന്നുവെന്നത് ശ്രദ്ധേയമാണ്. മുൻ കൺവെൻഷന്റെ പരിമിതികൾ പഠിച്ച് മെച്ചപ്പെട്ട ക്രമീകരണം കാഴ്ചവെയ്ക്കുവാൻ സംഘാടകർ കാണിക്കുന്ന കരുതൽ ശ്രദ്ധേയമാണ്. ആറായിരത്തോളം വരുന്ന ആളുകളെ ട്രാൻസ്പോർട്ടേഷൻ, റെജിസ്ട്രേഷൻ, ഭക്ഷണം, വിനോദ പരിപാടികൾ, സമയക്രമീകരണം, സാമൂഹ്യ അംഗീകാരം തുടങ്ങിയവയിൽ പരാതിയില്ലാതെ ക്രമീകരിക്കുക ശ്രമകരമാണ്. എന്നാൽ കാര്യമായ അതൃപ്തിയോ അനിഷ്ട സംഭവങ്ങളോ ഇല്ലാതെ എല്ലാം വിജയകരമായി പൂർത്തിയാക്കുവാൻ കഴിഞ്ഞത് ദൈവ കൃപയും സംഘാടകരുടെ കരുതലോടെയുള്ള ക്രമീകരണവുമാണ്. അതിന് സംഘടനാ പ്രസിഡന്റ് ജോർജ് നെല്ലാമറ്റത്തിന്റെയും കൺവെൻഷൻ ചെയർപേഴ്സൺ ജിജു കോളങ്ങായിലിന്റെയും കോർഡിനേറ്റർ തിയോഫിൻ ചാമക്കാലായുടെയും നേതൃത്വത്തിലുള്ള റ്റീമിന് അഭിനന്ദനം അർപ്പിക്കുന്നു. ഇപ്പോഴത്തെ ഭരണ സമിതി വെട്ടിത്തുറന്ന പുതിയ ദിശയിലേയ്ക്ക് സമുദായത്തെ നയിക്കുവാൻ ഇനി വരാനിരിക്കുന്ന കെ.സി.സി.എൻ.ഏ. ഭാരവാഹികൾക്ക് കഴിയട്ടെയെന്നു പ്രത്യാശിക്കുന്നു.

വടക്കേ അമേരിക്കയിൽ സഭാ സംവിധാനം വളരുന്നതോടൊപ്പം സംഘടനാ പ്രവർത്തനങ്ങൾ സുശക്തമായി തുടരണമെന്ന അഭിപ്രായം കൺവെൻഷനിൽ പലരും പ്രകടിപ്പിക്കുകയുണ്ടായി. സംഘടനാ പ്രവർത്തകർ സഭാ പ്രവർത്തകരെയോ സഭാ ശുശ്രൂഷകർ സംഘടനാ നേതാക്കളെയൊ പ്രതിപക്ഷമായി കാണാതെ പരസ്പരം വിലമതിക്കുകയും പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ഇടവകകളും സംഘടനകളും പരസ്പരം മത്സരിക്കുകയല്ല, തങ്ങളുടെ റോളുകളിൽ സാമുദായിക സുസ്ഥിതിയ്ക്കാവശ്യമായ പരമാവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് വേണ്ടത്. കാരണം രണ്ടിന്റെയും ലക്ഷ്യം ക്നാനായ സമുദായാംഗങ്ങളുടെ ഐക്യവും നിലനില്പും സമഗ്ര വികസനവുമാണല്ലോ. സംഘടനയ്ക്ക് ചെയ്യാനാവാത്തവ ഇടവകയ്ക്കും ഇടവകയ്ക്ക് ചെയ്യുവാൻ പരിമിതികളുള്ളവ സംഘടനയ്ക്കും കാഴ്ചവയ്ക്കുവാൻ കഴിയും. മാത്രമല്ല, സഭാ സംവിധാനത്തിൽ വൈദിക മേൽനോട്ടമുണ്ടെങ്കിലും പ്രവർത്തകർ അല്മായർ തന്നെയാണ്.

കെ.സി.സി.എൻ.ഏ.യുടെ താല്പര്യമെടുത്ത് ക്നാനായ റീജിയണമായി ചർച്ചചെയ്ത് ഇടവകകളും സംഘടനകളും പരസ്പര ഭിന്നതയില്ലാതെ എങ്ങനെ സഹകരിച്ച് മുന്നേറാം എന്നതിനെക്കുറിച്ച് വിശദമായി ചർച്ചചെയ്ത് മാർഗരേഖ തയ്യാറാക്കുകയുണ്ടായി. അതു സംബന്ധിച്ച വിവാദങ്ങൾക്കു വിരാമമിട്ടുകൊണ്ട് ക്നാനായ ഗോത്രത്തലവനായ മാർ മാത്യു മൂലക്കാട്ട് പിതാവു നല്കിയ നിർദ്ദേശങ്ങൾ ഏവരും സർവ്വാത്മനാ സ്വാഗതം ചെയ്തത് പ്രത്യാശ പകരുന്നു. പ്രതിസന്ധികളുടെ പിരിമുറുക്കത്തിൽനിന്ന് അനുരഞ്ജനത്തിന്റെ കുളിർമ്മയിലേയ്ക്ക് നീങ്ങുന്ന ഈ ഘട്ടത്തിൽ പരസ്പര ബന്ധത്തിന്റെ ധാരണ മെച്ചപ്പെടുത്തുവാൻ പ്രാദേശിക തലത്തിൽ സംഘടനയുടെയും ഇടവകയുടെയും പ്രതിനിധികൾ സൗഹാർദ്ദ അന്തരീക്ഷത്തിൽ ചർച്ചകൾ നടത്തുന്നതു നല്ലതാണ്.

### നുറുങ്ങുവെട്ടം

ദോഷൈകദൃക്കുകളേക്കാൾ ഗുണൈകദൃക്കുകൾക്കേ പുരോഗതിയിലേയ്ക്കു നയിക്കുവാൻ കഴിയൂ.



# പള്ളിയിൽനിന്നു മടങ്ങുന്നത് കൂടുതൽ പാപത്തോടെയോ?



**ജോസ് താഴത്തുവെട്ടത്ത്**

ക്രിസ്തു അനുയായികളായ നാമെല്ലാവരും ദൈവം ഉണ്ടെന്നും, അവിടുന്നാണ് നമ്മെയും, ഈ പ്രപഞ്ചത്തെയും സൃഷ്ടിച്ചതെന്നും വിശ്വസിക്കുന്നുണ്ടെങ്കിലും നമ്മിൽ പലരും ദൈവത്തെ കാണുന്നത് ഭയത്തോടെയാണ്. ഇതിനു പ്രധാന കാരണം, തന്റെ സ്വപുത്രനെ നമ്മുടെ പാപമോചനത്തിനായി ബലി അർപ്പിക്കുകയും, നമ്മെ സദാ സ്നേഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ദൈവത്തെ മനസ്സിൽ കാണുന്നതിനു പകരം നമ്മെ ശിക്ഷിക്കുന്ന വ്യക്തിയായി ദൈവത്തെ നാം കാണുന്നതുകൊണ്ടാണ്.

ദൈവം നമ്മെ സദാ സ്നേഹിക്കുന്നുണ്ടെങ്കിലും നാം അവിടുത്തെ സ്നേഹിക്കാറുണ്ടോ എന്ന് ആത്മശോധന ചെയ്യേണ്ടിയിരിക്കുന്നു. ഉദാഹരണത്തിന് നാം ആത്മാർത്ഥമായി സ്നേഹിക്കുന്ന വ്യക്തിയെ നമ്മുടെ വാക്കുകളാലൊ, പ്രവൃത്തികളാലൊ നാം വേദനിപ്പിക്കാറില്ലല്ലൊ. എന്നാൽ ഇല്ലായ്മയിൽ നിന്നു നമ്മെ സൃഷ്ടിച്ചു പരിപാലിച്ചുകൊണ്ടിരിക്കുന്ന ദൈവത്തെ നമ്മുടെ ചിന്തകളാലും വാക്കുകളാലും, പ്രവൃത്തികളാലും എത്രമാത്രം വേദനിപ്പിക്കുന്നു എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പൂർവ്വപിതാക്കന്മാർ ദൈവാലയങ്ങൾ പണിയുകയും, അവിടെ ദൈവത്തിന് ആരാധനയും ദിവ്യബലിയും അർപ്പിക്കുകയും ചെയ്യുന്ന കൂട്ടത്തിൽ അവർ അറിഞ്ഞൊ അറിയാതെയൊ, അവരുടെ ചിന്തകളാലും വാക്കുകളാലും പ്രവർത്തികളാലും ചെയ്ത എല്ലാ തെറ്റുകൾക്കും മാപ്പപേക്ഷിച്ചിരുന്നു. ഇങ്ങനെ ചെയ്തിരുന്നതു വഴി ദൈവാലയത്തിൽ നിന്നും ഭവനങ്ങളിലേയ്ക്ക് മടങ്ങുമ്പോൾ മനസ്സിലെ പാപഭാരം നീങ്ങിയ അനുഭവം അവർക്കുണ്ടാകുമായിരുന്നു.

ഇന്ന് അമേരിക്കയിൽ വസിക്കുന്ന നാം സ്വന്തമായ ദൈവാലയങ്ങൾ സ്ഥാപിക്കുകയും, അവിടെ ദൈവത്തിന് ആരാധനയും ദിവ്യബലിയും അർപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിലും നമ്മുടെ പൂർവ്വികർ ചെയ്തിരുന്നതുപോലെ പാപക്കറകൾ കഴുകികളയുന്നതിനു പകരം കൂടുതൽ പാപഭാരവുമായി സ്വഭവനങ്ങളിലേയ്ക്കു പോകാറുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ ഭവനമാണ് ദൈവാലയം എന്നും, അതു വിശുദ്ധ സ്ഥലമായി പരിപാലിക്കുവാൻ വിശ്വാസികളായ നമുക്ക് കടമയുണ്ടെന്നും അറിയാമെന്നിരിക്കെ, നമ്മിൽ ചിലർ ദിവ്യബലിയിൽ സംബന്ധിക്കുവാനായി ദൈവാലയത്തിലേയ്ക്ക് വരുമ്പോൾ മദ്യകുപ്പികൾ കരുതുകയും, ദിവ്യബലി അർപ്പണശേഷം മദ്യപാനം നടത്തുകയും, മറ്റുള്ളവരുടെ കുറ്റങ്ങളും പോരായ്മകളും സുഹൃത്തുക്കളുമായി പങ്കുവെയ്ക്കുകയും ചെയ്യുന്നത് ദൈവത്തോടും, അവിടുത്തെ കല്പനകളോടും ഉള്ള നിന്ദനമല്ലേ? ഇതിനു പ്രധാന കാരണം മേല്പറഞ്ഞതുപോലെ നാം ദൈവത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിലും ദൈവസ്നേഹം നമ്മളിലില്ലാത്തതുകൊണ്ടാണ്.

വിശ്വാസികളായ നമ്മിൽ പലപ്പോഴും ഉണ്ടാകാവുന്ന ചോദ്യമാണ് സഭാപിതാക്കന്മാർ ഏകാധിപതികളെപ്പോലെ അവരുടെ അഭിപ്രായങ്ങളും താല്പര്യങ്ങളും നമ്മുടെമേൽ നിർബന്ധിച്ച് ഏല്പിക്കുകയല്ലെ എന്ന്. സഭാപിതാക്കന്മാരൊ, സഭാതലവനായ മാർപാപ്പാപോലുമോ വിചാരിച്ചാൽ മാറ്റം വരുത്തുവാൻ പറ്റാത്ത പല സഭാ നിയമങ്ങളും ഉണ്ട്. കാരണം സഭാ നിയമം എന്നത് ബൈബിളിലെ ദൈവ നിയമത്തെ ആസ്പദമാക്കി പൂർവ്വപിതാക്കന്മാർ ഉണ്ടാക്കിയവയാണ്. ഇവയിൽ പലതും കാലമനുസരിച്ച് മാറ്റം വരുത്തുവാൻ പാടില്ലാത്തവയാണ്. ഉദാഹരണത്തിന് ഭ്രൂണഹത്യാ, സ്വവർഗ്ഗഭോഗം മുതലായവ. വിശുദ്ധ ഗ്രന്ഥത്തിൽ ക്രിസ്തു പറഞ്ഞിരിക്കുന്നത് ആകാശവും ഭൂമിയും കടന്നുപോയാലും അവിടുന്നു പറഞ്ഞ വചനങ്ങൾക്ക് മാറ്റമുണ്ടാവുകയില്ലെന്നാണ്.

ഇവിടെ നമുക്ക് ചെയ്യുവാൻ പറ്റുന്നത്, നാം ദൈവസൃഷ്ടി

*(Continued on page 5)*

*(Continued from page 3)*

അതിനു സഹായകരമായിരിക്കും കെ.സി.സി.എൻ.ഏ.യും ക്നാനായ റീജിയണും കൂടി തയ്യാറാക്കിയ മാർഗരേഖ.

ക്നാനായ തനിമ വടക്കേ അമേരിക്കയിൽ നിലനിന്നു കാണുവാനും സ്വന്തം സഭാ സംവിധാനം ഇവിടെ സ്ഥാപിക്കുവാനും ആഗ്രഹിക്കുന്ന നാം തമ്മിൽ കലഹമോ മത്സരമോ പാടില്ല. മറിച്ച് തങ്ങളുടേതായ കഴിവുകൾ പരാമാവധി പ്രയോജനപ്പെടുത്തി കൂടുതൽ വൈവിധ്യവും കാലോചിതവും പ്രയോജനപ്രദവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. അതിനായി നമ്മുടെ സംഘടനകളുടെയും ഇടവകകളുടെയും എണ്ണവും ഉണ്ണ നിലവാരവും പ്രവർത്തന പദ്ധതികളും വർദ്ധിപ്പിക്കുകയും ഒത്തൊരുമയോടെ പ്രവർത്തിക്കുകയും വേണം. അതിനു പ്രചോദനമാകുന്ന വിധം ഇപ്രാവശ്യത്തെ കൺവെൻഷൻ ക്രമീകരിച്ച ഏവർക്കും ഒരിക്കൽകൂടി അഭിനന്ദനങ്ങൾ!

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

## WELCOME TO OUR PARISH



## REV. FR. JOSE ILLIKUNNUMPURATH

Fr. Jose is from the Archeparchy of Kottayam coming to serve our both parishes as associate pastor. He is from Chunkom Parish and has been serving in various parishes of the Archeparchy of Kottayam. Welcome to Fr. Jose.

# Parish Appreciation Banquet at Maywood



Inaugural speech by Archbishop Mar Mathew Moolakkatt.





Plaque to Mar Jacob Angadiath by Mar Mathew Moolakkatt and to Fr. Roy Kaduppil by Mar Joseph Pandarasseril.





Plaque to Fr. Abraham Mutholath by Mar Jacob Angadiath and ponnada by Mar Mathew Moolakkatt.











Mar Mathew Moolakkatt, Mar Jacob Angadiath, Mar Joseph Pandarasseril, Rev. Fr. Abraham Mutholath, Rev. Fr. Roy Kaduppil.

*(Continued from page 4)*

യാണെന്നും, നമ്മുടെ കഴിവുകളും അറിവുകളും പരിമിതമാണെന്നും, നമ്മുടെ ആരോഗ്യവും സമ്പത്തും ശാശ്വതമല്ലെന്നും, ഇതെല്ലാം സൃഷ്ടാവായ ദൈവത്തിന്റെ ദാനമാണെന്നുമുള്ള ബോധ്യത്തിൽ നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുവാൻ ശ്രമിക്കുക എന്നതാണ്.

ഇതുവഴി ക്രിസ്തു പറഞ്ഞതുപോലെ അവിടുന്ന് നല്കുന്ന സമാധാനം നമ്മുടെ ജീവിതത്തിൽ ആസ്വദിക്കുവാൻ ശ്രമിക്കാം. (യോഹ 14:27) ഈ സമാധാനത്തിനുവേണ്ടിയാണ് നാം ശ്രമിക്കേണ്ടതും പ്രാർത്ഥിക്കേണ്ടതും. ദൈവം ഇതിനായി നമ്മെ അനുഗ്രഹിക്കട്ടെ.



Prayer Song



Representatives of Maywood Church handing over parish gift to Biju Kizhakkekuttu, the trustee coordinator of Morton Grove Church







Thomas Chazhikadan MLA, Mons Joseph MLA, Prof. Babu Poozhikunnel, George Nellamattam, Meyamma Vettikkatt.







Biju Kizhakkekuttu, Joy Vachachira, Sunny Mutholam, Jose Kaniyaly, John Klakkil



Our Former Mission Director Rev. Fr. Simon Edathipparam-bil.



## READINGS & READERS — കൈത്താക്കാലം / തിരുന്നാൾ

| | | | |
|---|---|---|---|
| | August 6 | | ST. MARY'S 6:30 P |
| 1 | Genesis 3:1-19 | | Saira Kannampally |
| 2 | Acts 1:12-14 | | Faimy Poothrukayil |
| | August 7 | | ST. MARY'S 6:30 P |
| 1 | Genesis 17:15-22 | | Jaya Kulangara |
| 2 | Romans 8:26-30 | | Della Nediyakalayil |
| | August 8 | SACRED HEART | ST. MARY'S 10:00 |
| 1 | Exodus 40:32-38 | TBA | Sini Nedumthuruthil |
| 2 | Galatians 4: 4-7 | TBA | Anil Mattathikunnel |

## READINGS & READERS — കൈത്താക്കാലം

| | | | |
|---|---|---|---|
| | August 15 | SACRED HEART | ST. MARY'S 10:00A |
| 1 | Exodus 15:11-18 | Suraj Kolady | Jenna Viruthikulangara |
| 2 | Romans 16:17-27 | Lizy Stephen | Elsamma Poozhikunnel |



St. Vincent de Paul Society Members handing over their donation to Mar Joseph Pandarasseril for Malabar Social Service Society's charitable services.

## OFFERINGS — Aug. 1

| ST. MARY'S, MORTON GROVE | |
|---|---|
| Regular Mass | 1,302.00 |
| St. Jude Novena | 235.00 |
| Sponsors | 2,250.00 |
| Building Fund | 610.00 |
| Facility Usage | 1,150.00 |
| **TOTAL ST. MARY'S** | **5,547.00** |
| **SACRED HEART, MAYWOOD** | |
| Regular Mass | 1,042.00 |
| Feast offerings | 282.00 |
| Feast auction due | 120.00 |
| Guadalupe Shrine | 112.00 |
| Wedding Gift | 300.00 |
| Building Fund | 20.00 |
| Women Ministry | 450.00 |
| **TOTAL MAYWOOD** | **2,326.00** |
| **AGAPE MAYWOOD** | |
| Store Collection | 63.00 |
| Manthra Donation | 161.00 |
| Bulletin Donation | 75.00 |
| Donation Box | 138.60 |
| **TOTAL AGAPE** | **437.60** |

## നമ്മുടെ മോർട്ടൻ ഗ്രോവ് പള്ളിയിൽ തിരുക്കർമ്മങ്ങളുടെ സമയം.

**ഞായർ:** രാവിലെ 10:00നും വൈകുന്നേരം 5:30നും. **തിങ്കൾ മുതൽ വെള്ളിവരെ:** വൈകുന്നേരം 7:00ന്.
**ശനി:** രാവിലെ 10ന് കുർബാനയും നിത്യസഹായ മാതാവിന്റെ നൊവേനയും.
**വി. യൂദാശ്ളീഹായുടെ നൊവേന** വ്യാഴാഴ്ചകളിൽ വൈകുന്നേരം 7:00നുള്ള കുർബാനയെ തുടർന്ന്.
**മതബോധന സ്കൂളുകൾ** രണ്ടു പള്ളികളിലും സെപ്റ്റംബർ 12ന് ആരംഭിക്കും.
അപേക്ഷാഫോം www.knanayaregion.us/chicago യിൽ ലഭ്യമാണ്.

YOU INVITE THE GUESTS, WE DO THE REST
Malabar
Catering & Carry-out

**Professional with 11 years experience in catering.**
Call
**WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com




*Your Rehab Specialists*
**Pro-Rehab Services, P.C.**
&
Choicecare Home Health, Inc.
Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com
Best Compliments from the Mutholath Family

